**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 138** | **04.06.2018-ൽ മറുപടിക്ക്** |
|---|---|

**ജുവനൈൽ സെൽ**

| | ചോദ്യം<br>ശ്രീ. കെ.എൻ.എ ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | പോക്സോ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ജുവനൈൽ സെൽ പ്രവർത്തിക്കുന്നുണ്ടോ; | (എ) യും (ബി) യും | തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കോട്ടയം, എറണാകുളം റൂറൽ, ഇടുക്കി, തൃശ്ശൂർ സിറ്റി, വയനാട് എന്നീ ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ ജുവനൈൽ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. (ഡാമിന്റെ സുരക്ഷയ്ക്ക് മാത്രമായി രൂപീകരിച്ചിട്ടുള്ള മുല്ലപെരിയാർ പോലീസ് സ്റ്റേഷനിൽ ജുവനൈൽ സെൽ പ്രവർത്തിക്കുന്നില്ല.) |
| (ബി) | നിലവിൽ എവിടെയൊക്കെയാണ് ഇത്തരം സെല്ലുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ജുവനൈൽ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുവാനും ജുവനൈൽ കുറ്റകൃത്യങ്ങളിൽ കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കുവാനും എന്തൊക്കെ പ്രവർത്തനങ്ങളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ജുവനൈൽ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കും, ജുവനൈൽ കുറ്റകൃത്യങ്ങളിൽ കാലതാമസം ഇല്ലാതെ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരേയും ജുവനൈൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട് വരുന്ന കേസ്സുകളിൽ കൂടുതൽ കൃത്യതയോടെയും വേഗത്തിലും നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലയിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, അഗതി മന്ദിരങ്ങളും, |

| | | | |
|---|---|---|---|
| | | | ചിൽഡ്രൻസ് ഹോം തുടങ്ങിയവ സന്ദർശിച്ച് കുട്ടികൾക്കെതിരെ അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ